# ബഥനി ബാലിക മഠം ഹൈസ്കൂൾ, നങ്ങ്യാർകുളങ്ങര

# സ്കൂൾ മാസ്റ്റർ പ്ലാൻ



# ആമുഖം

കുട്ടികളുടെ ശാരീരികവും മാനസികവും, ആത്മീയവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം. സുരക്ഷിതവും ഗുണപ്രദവുമായ പഠന സാഹചര്യം എല്ലാവർക്കും പ്രാപ്തമാക്കി ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ കാര്യക്ഷമത കൈവരിച്ച്, ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ ശുചിത്വ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തി, വിദ്യാലയം പണിതുയർത്തുക എന്നതാണ് ഓരോ കലാലയത്തിന്റെയും ലക്ഷ്യം.

മൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിലൂടെ സാമൂഹിക നന്മയുള്ളതകുന്ന സ്ത്രീകളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ മനുഷ്യസ്നേഹിയും വിദ്യാഭ്യാസ വിചക്ഷണനും സന്യാസവര്യനുമായ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമനസ്സ് കൊണ്ട് 1931 മേയ് 18-ന് ആരംഭിച്ച ബഥനി ബാലിക മഠം എന്ന ഈ കലാലയം അനേകം തലമുറകൾക്ക് വിദ്യയെന്ന സർവ്വധനം പകർന്നു നൽകിക്കൊണ്ട് ഒരു ദിവ്യ ജ്യോതിസ്സായി നവതിയുടെ പടവുകളിൽ എത്തിനിൽക്കുന്നു. നാടിന്റെ സാംസ്കാരിക പുരോഗതിയിൽ നിർണ്ണായക പങ്കുവഹിക്കാൻ ബഥനിയ്ക്ക് കഴിയുന്നു എന്നത് അഭിമാനകരമാണ്.

അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള ഈ വിദ്യാലയത്തിൽ 1212 കുട്ടികൾ അധ്യയനം നടത്തുന്നു. 50 പേർ അടങ്ങുന്ന സ്റ്റാഫിന്റെ ഒത്തൊരുമിച്ചുള്ള പ്രവർത്തനവും അദ്ധ്വാനവും അർപ്പണ മനോഭാവവുമാണ് ഈ സ്കൂളിന്റെ പുരോഗതിക്ക് നിദാനം. ഈ വിദ്യാലയത്തോട് അനുബന്ധിച്ച് ഒരു ബോർഡിംഗ് നല്ല രീതിയിൽ

പ്രവർത്തിച്ച വരുന്നു. 9.30 ന് പ്രാർത്ഥനയോടെ പഠനം ആരംഭിക്കുന്നു. പഠനത്തോടൊപ്പം കുട്ടികളുടെ സ്വഭാവ രൂപീകരണത്തിലും പ്രത്യേകം ശ്രദ്ധിക്കുന്നു.

## PTA

ഒരു വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളും കാര്യക്ഷമവും സുഗമവുമായി നടത്തുന്നതിന് അധ്യാപക രക്ഷകർത്തൃ സംഘടന വഹിക്കുന്ന പങ്ക് വളരെ വലുതാണ്. വളരെ കാര്യക്ഷമവും ഉത്തരവാദിത്വബോധവുമുള്ള അധ്യാപക രക്ഷകർത്തൃ സംഘടന യാണ് നമ്മുടെ സ്കൂളിന് ഉള്ളത്.

## വിവിധ ക്ലബ്ബുകൾ

പഠനത്തോടൊപ്പം കുട്ടികളുടെ നേതൃത്വപാടവവും കഴിവുകളും വളർത്തുക എന്ന ലക്ഷ്യത്തോടെ വിവിധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. സയൻസ്, മാത്സ്, സോഷ്യൽ സയൻസ്, ഇംഗ്ലിഷ്, ഹിന്ദി, വിദ്യാരംഗം, കലാസാഹിത്യവേദി, ഹെൽത്ത്, SPC, JRC, Little Kites, 11. Teens Club ഹരിത സഭ,ഗൈഡിങ് എന്നീ ക്ലബ്ബുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു.

**വിദ്യാരംഗം കലാസാഹിത്യ വേദി**

മാതൃഭാഷയോടും സാഹിത്യത്തോടും ഉള്ള താല്പര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വിദ്യാരംഗം കലാസാഹിത്യ വേദി ഇവിടെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി നിരവധി പരിപാടികളും ശില്പശാലകളും സംഘടിപ്പിച്ച് വരുന്നുണ്ട്.

## JRC

Red Cross Society യുടെ കീഴിൽ 5 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്കായി രൂപം കൊടുത്ത ജൂനിയർ റെഡ് ക്രോസ് 2014 ജൂൺ മുതൽ ഇവിടെ പ്രവർത്തിച്ചുവരുന്നു. പഠനത്തോടൊപ്പം സേവന

മനോഭാവവും വാർത്തെടുക്കുക എന്നതാണ് ഈ സംഘടനയുടെ ലക്ഷ്യം.

A, B, C ലെവലുകളിലായി 164 കുട്ടികൾ പ്രവർത്തിച്ചുവരുന്നു.

## Scouts and Guides

പാഠ്യ വിഷയങ്ങളുടെ മൂല്യ വർദ്ധനവിനും ജീവിത വിജയത്തിനും ആധാരമായ ഉത്തമ പൗരത്വം വാർത്തെടുക്കുന്നതിനും ക്രിയാത്മകമായി പ്രവർത്തിപഥത്തിൽ കൊണ്ടു വന്നിരിക്കുന്ന ഒരു സംഘടനയാണ് ഗൈഡിംഗ്. ആലപ്പുഴ ജില്ലയിലെ മികച്ച നിലവാരം പുലർത്തുന്ന രണ്ട് ഗൈഡിങ് യൂണിറ്റുകളാണ് നമ്മുടെ സ്കൂളിൽ ഉള്ളത്.

## Helpdesk

കുട്ടികളുടെ മാനസിക ആരോഗ്യ പരിപാലനത്തിനായി പ്രവർത്തിച്ചു വരുന്നതാണ് ഹെല്പ് ഡസ്ക്. ഹെല്പ് ഡെസ്കിന്റെ നേതൃത്വത്തിൽ വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടികളെ കണ്ടെത്തി പരിഹാരനടപടികൾ സ്വീകരിച്ചു വരുന്നു.

## School Protection Group

സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് സജീവമായി പ്രവർത്തിച്ചുവരുന്നു. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ലഹരിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി വിമുക്തി ക്ലബും സ്കൂൾ സുരക്ഷ സമിതിയും നടത്തപ്പെടുന്നു.സമൂഹത്തിനു ഉപകരിയായ ഒരു യുവ തലമുറയെ വാർത്തെടുക്കുവാനായി ഈ ക്ലബ്ബുകൾ എല്ലാം തുടർന്നും സ്കൂളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതാണ്.

## SPC

പൗരത്വബോധവും ലക്ഷ്യബോധവും സാമൂഹിക പ്രതിബദ്ധതയും സേവന തൽപരതയുമുള്ള ഒരു ജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള ആഭ്യന്തര വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും നേതൃത്വത്തിൽ സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന സ്റ്റുഡൻസ് പോലീസ് പദ്ധതി നമ്മുടെ സ്കൂളിൽ വളരെ ശക്തമായി തന്നെ മുന്നോട്ടു പോകുന്നുണ്ട്. യോഗാദിനം, ശുഭയാത്ര ക്യാമ്പയിൻ, ക്യാമ്പുകൾ, ക്വിസ് മത്സരങ്ങൾ,

പൊതിച്ചോറ് ശേഖരണം തുടങ്ങി വിവിധ പരിപാടികൾ SPC യുടെ കീഴിൽ നടത്തിവരുന്നു.

## LITTLE KITES

വിവരവിനിമയ സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യവും ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി LITTLE KITES എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ ഈ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് കടന്നുപോകുവാനും അതുവഴി കമ്പ്യൂട്ടർ അനായാസം കൈകാര്യം ചെയ്യുവാനുമുള്ള അവസരം ലഭിക്കുന്നു.

## TEENS Club

പുത്തൻ അറിവുകളെ അടിസ്ഥാനമാക്കി കൗമാരത്തിന് കരുതലും കരുത്തും ലഭ്യമാക്കി മുന്നോട്ടു കയറാൻ ഉതകുന്ന സാമൂഹ്യ ഇടപെടലിനായി പൊതുവിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ച ടീൻസ് ക്ലബ്ബ് നല്ല രീതിയിൽ തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. കൗമാരക്കാർ നേരിടുന്ന പ്രശ്നവും അവയ്ക്കുള്ള പരിഹാരങ്ങളും അടിസ്ഥാനമാക്കിയുള്ള ക്ലാസുകൾ ക്ലബ്ബിന്റെ കീഴിൽ സംഘടിപ്പിച്ചു വരുന്നുണ്ട്.

ശുചിത്വ ക്ലബ്ബ്

പുതുതലമുറയെ മാലിന്യനിർമാർജനത്തെക്കുറിച്ച് അവബോധം നൽകുന്നതിന് വേണ്ടിയും, ഇതിൽ കുട്ടികളെ പങ്കാളിയാക്കുന്നതിന് വേണ്ടിയും രൂപീകരിച്ച ക്ലബ്ബാണ് ശുചിത്വ ക്ലബ്ബ്.കുട്ടികളിൽ ശുചിത്വബോധം വർദ്ധിപ്പിക്കുന്നതിനായി ഉള്ള നിരവധി പ്രവർത്തനങ്ങൾ ഈ ക്ലബ്ബിന് കിഴിൽ നടന്നുവരുന്നുണ്ട്. ഇത്തരത്തിൽ പൗരത്വബോധമുള്ളതും സേവന സന്നദ്ധതയുള്ളതും മാറുന്ന കാലത്തിനനുസരിച്ചു പുത്തൻ സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യുന്നതുമായ ഒരു പുതു തലമുറയെ വാർത്തെടുക്കുവാനും ഒപ്പം പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് സൃഷ്ടിക്കുന്നതിനുമായി ഇത്തരം ക്ലബ്ബുകൾ തുടർന്നും കാര്യക്ഷമമായി തന്നെ സ്കൂളിൽ പ്രവർത്തിക്കുന്നതാണ്.

## Sports Club

ഉണർവ്വും ഉന്മേഷവും ഉള്ള മനസ്സ് രൂപപ്പെടുത്തുന്നതിന് കായികവിദ്യാഭ്യാസത്തിനുള്ള പങ്ക് മനസ്സിലാക്കിക്കൊണ്ട് കായിക പരിശീലനം നടത്തിവരുന്നു. Sports Day വളരെ വിപുലമായി തന്നെ ആഘോഷിക്കുന്നുണ്ട്. സബ്ജില്ല, ഉപജില്ല, ജില്ല കായികമേളകളിൽ കുട്ടികളെ പങ്കെടുപ്പിച്ചു വരുന്നു.സാമൂഹിക സേവനവും പരസ്പര സഹായ മനോഭാവവും ഉള്ള തലമുറയെ വാർത്തെടുക്കാൻ, കുട്ടികളിലെ ശാരീരികവും മാനസികാവുമായ ഉന്നമനം നിലനിർത്തി കായിക കലാരംഗത്ത് തിളങ്ങാൻ ഇത്തരം ക്ലബ്ബുകൾ തുടർന്നും നടത്തപ്പെടുന്നതാണ്.

## Health Club

കുട്ടികളുടെ മാനസികാരോഗ്യവും ശാരീരികാരോഗ്യവും നിലനിർത്തുന്നതിനായി നിരവധി കൗൺസിലിംഗ് ക്ലാസുകൾ നടത്തി വരുന്നുണ്ട്. പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്കായുള്ള മൊട്ടിവേഷൻ ക്ലാസുകൾ, കൗമാര പ്രായത്തിൽ ഉണ്ടാകുന്ന ശാരീരിക വ്യതിയാനങ്ങളെ കുറിച്ചും വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു മുള്ള ക്ലാസുകൾ കുട്ടികൾ നേരിടുന്ന മാനസിക പിരിമുറുക്കങ്ങൾ പഠന വൈകല്യങ്ങൾ എന്നിവ അകറ്റി വ്യക്തിത്വ വികസനത്തിന് ഉതകുന്നതിനുള്ള ക്ലാസുകൾ, ലഹരിക്ക് എതിരായ ക്ലാസുകൾ തുടങ്ങിയവ വളരെ ഫലപ്രദമായി തന്നെ സ്കൂളിൽ സംഘടിപ്പിച്ചു വരുന്നുണ്ട്.ശാരീരിക ആരോഗ്യവും മാനസിക ആരോഗ്യവുമുള്ള ഒരു തലമുറയെ വളത്തിയെടുക്കുവാൻ ഇത്തരം ക്ലാസുകൾ വീണ്ടും കുട്ടികൾക്കായി ഒരുക്കുന്നതാണ്.

## മറ്റു പ്രവർത്തനങ്ങൾ

ഇവ കൂടാതെ നിരവധി ആഘോഷങ്ങളും പരിപാടികളും വരുന്നുണ്ട്. പ്രവേശനോത്സവം, പരിസ്ഥിതി ദിനം, ലഹരി വിരുദ്ധ ദിനം, വായനാദിനം, ഗാന്ധിജയന്തി, ചാന്ദ്രദിനം, സ്വാതന്ത്ര്യ ദിനം, അധ്യാപക ദിനം, ശിശുദിനം, സ്പോർട്സ് ഡേ, ക്രിസ്മസ്, പുതുവർഷം തുടങ്ങിയ ദിനാചരണങ്ങളിൽ വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വളരെ വിപുലമായി തന്നെ നടത്തി

വരുന്നുണ്ട്. ഇതോടനുബന്ധിച്ച് ഉപന്യാസം, ചിത്രരചന, പ്രസംഗം, ക്വിസ് തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. വിനോദങ്ങൾക്കായി വിജ്ഞാനപ്രദവും ആനന്ദകരവുമായ പഠനയാത്രകൾ സംഘടിപ്പിക്കുന്നുണ്ട്.

ഭാഷാ പ്രാവീണ്യം നേടാൻ ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ ഭാഷകളിൽ വിവിധ രചന മത്സരങ്ങൾ നടത്തുന്നു. വായന പ്രോത്സാഹിപ്പിക്കാൻ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, പൊതുഗ്രന്ഥശാല എന്നിവയിൽ നിന്നും പുസ്തകങ്ങൾ എടുത്ത് വായനാക്കുറിപ്പ് തയ്യാറാക്കിക്കുന്നു. കയ്യെഴുത്ത് മാസിക, ചുമർപത്രിക എന്നിവയിലൂടെ സർഗ്ഗാത്മകത വികസിപ്പിക്കുന്നു. കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി വിപുലമായ സ്കൂൾ ലൈബ്രറി കൂടാതെ ക്ലാസ്റൂം ലൈബ്രറിയും സജ്ജമാക്കിയിട്ടുണ്ട്.സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവ പരമാവധി പ്രയോജനപ്പെടുത്തി പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നു.ഹൈടെക് ക്ലാസ് റൂം സംവിധാനത്തിലൂടെ കുട്ടികൾക്ക് ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്താൽ നിരീക്ഷണപാടവം നേടാനും കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് പഠന പ്രവർത്തനങ്ങൾ രൂപീകരിക്കാനും സാധിക്കുന്നു. സ്കൂളിന്റെ ഉന്നമനത്തിനും കുട്ടികളുടെ മാനസികവും ആരോഗ്യവുമായ വളർച്ചയ്ക്കും വികസനത്തിനുമായി ഇത്തരം പ്രവർത്തനങ്ങൾ തുടർന്നും ഇവിടെ നടപ്പാക്കുന്നതാണ്.

| മലയാളം (യു. പി.) | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം, ചിഹ്നം ഇവ ഉറപ്പിക്കുക | 5 ദിവസം | മലയാളം ക്ലബ് |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | ചുവർ പത്രിക, ചാർട്ട് തയ്യാറാക്കൽ പോസ്റ്റർ | ജൂൺ | മലയാളം ക്ലബ് |
| കുട്ടിയെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | അഭിമുഖ സംഭാഷണം, കഥയരങ്ങ് , വ്ലോഗ് | ജൂലൈ | മലയാളം ക്ലബ് |
| കുട്ടിയെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | കടങ്കഥപ്പയറ്റ്, പ്രസംഗം,കഥയരങ്ങ് | ആഗസ്റ്റ്, സെപ്റ്റംബർ | മലയാളം ക്ലബ് |
| കുട്ടിയെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | സംവാദം | ഒക്ടോബർ | മലയാളം ക്ലബ് |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | വായനക്കുറിപ്പ് | നവംബർ | മലയാളം ക്ലബ് |
| നിരീക്ഷണ പാഠവവും സാഹിത്യവാസനയും വളർത്തുക | യാത്രാ വിവരണം | ഡിസംബർ | മലയാളം ക്ലബ് |
| കലാവാസന പ്രോത്സാഹിപ്പിക്കുക | കവിതാലാപനം | ജനുവരി | മലയാളം ക്ലബ് |

| ENGLISH(UP) | | | |
|---|---|---|---|
| GOAL | Activity | Period | Incharge |
| Understand and love English language | Spelling games, Word games | June | English club |
| Developing ability for creative writing. | Poster designing, | July | English club |
| Official reporting anything to the authority. | e-mail drafting. | August | English club. |
| Making confidence for speaking | Roleplay | September | English club |
| Developing performing skill in a group. | Debates | October | English club |
| Developing language | Language games | November | English club |
| Developing creativity in writing. | Story writing | December | English club |
| Make output in the form of speech | Live report | January | English club |
| Increasing vocabulary | Word games | February | English club |

| HINDI(UP) | | | |
|---|---|---|---|
| GOAL | ACTIVITY | PERIOD | INCHARGE |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം, സഖ്യകൾ ഇവ ഉറപ്പിക്കുന്നു | June | Hindi club |
| സർഗ്ഗാത്മകത വളർത്തുക | ഐ. ഡി. കാർഡ് നിർമ്മാണം | July | Hindi club |
| ഭാഷപരമായ വളർച്ച | ആൽബം നിർമ്മിക്കുക | August | Hindi club |
| നിരീക്ഷണ പാഠവവും സാഹിത്യവാസനയും വളർത്തുക | പോസ്റ്റർ നിർമാണം | September | Hindi club |
| നിരീക്ഷണ പാഠവവും സാഹിത്യവാസനയും വളർത്തുക | പ്ലകാർഡ് നിർമ്മാണം | October | Hindi club |
| കലാവാസന പ്രോത്സാഹിപ്പിക്കുക | കവിതാ രചന | November | Hindi club |
| കലാവാസന പ്രോത്സാഹിപ്പിക്കുക | ചിത്രരചന | December | Hindi club |
| ദേശബോധം, പൗരബോധം ഇവ വളർത്തുക | സ്വാതന്ത്ര്യ സമരസേനാ നികളെപ്പറ്റിയുള്ള വിവരണ ആൽബം | January | Hindi club |
| കലാവാസന പ്രോത്സാഹിപ്പിക്കുക | കഥാരചന | February | Hindi club |

| Social Science (UP) | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| കുട്ടികളിൽ പരിസ്ഥിതി സംരക്ഷണ ബോധം വളർത്തുക | പരിസ്ഥിതിദിന പോസ്റ്റർ | June | Social science club |
| ചരിത്ര അവബോധം | വിവിധ സംസ്കാരങ്ങൾ - ചർച്ച | July | Social science club |
| അഭിപ്രായം വസ്തുനിഷ്ഠമായി അവതരണം നടത്താനുള്ള കഴിവുണ്ടാക്കുക. | സെമിനാർ | August | Social Science club |
| ചരിത്രം, ഭൂമിശാസ്ത്രം ഇവ ആഴത്തിൽ അറിയുക | ക്വിസ് | September | Social Science club |
| രാഷ്ട്രപിതാവിന്റെ ദർശനങ്ങൾ മനസിലാക്കുക | ഗാന്ധിജിയുടെ ആശയങ്ങൾ - ചർച്ച | October | Social Science club |
| സ്വാശ്രയ ശീലം വളർത്തുക | സ്വയം തൊഴിൽ പദ്ധതി കൾ - പട്ടിക തയ്യാറാക്കൽ | November | Social Science club |
| വ്യക്തമായും വസ്തുനിഷ്ഠമായും കാര്യങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ് വളർത്തുക | ഗാന്ധിജിയുടെ ഇന്ത്യ -പ്രസംഗം | December | Social Science club |
| കുട്ടികളിലെ കലാ ബോധം വളർത്തുക | സ്വാതന്ത്ര്യസമര കവിതകൾ - അവതരണം | January | Social Science club |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തുക | പൗരബോധം, നമ്മുടെ കടമകൾ - ഉപന്യാസം | February | Social Science club |

| BASIC SCIENCE (UP) | | | |
|---|---|---|---|
| GOAL | ACTIVITY | PERIOD | INCHARGE |
| ജൈവ വൈവിധ്യവും അവയുടെ പരിപാലനവും മനസിലാക്കുക | Herbarium തയ്യാറാക്കുക | June | Science club |
| അറിവ് നേടുക, അറിവ് പരസ്പരം കൈമാറുക | സെമിനാർ, കൃഷി പതിപ്പ് | July | Science club |
| സോപ്പ് നിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾ മനസിലാക്കുക | സോപ്പ് നിർമാണം | August | Science club |
| ശാസ്ത്രസത്യങ്ങൾ കലയിലൂടെ മനസിലാക്കുക | നാടകം | September | Science club |
| തന്റെ ആശയങ്ങൾ ആകർഷകമായി അവതരിപ്പിക്കാനുള്ള കഴിവ് നേടുക | പാവനാടകം | October | Science club |
| ശാസ്ത്ര താല്പര്യം വളർത്തുക | ശാസ്ത്ര കിറ്റ് നിർമാണം | November | Science club |
| കാന്തവലയത്തെപ്പറ്റിയുള്ള അറിവ് നേടുക | കാന്തം ഉപയോഗിച്ച് ചിത്രരചന | December | Science club |
| അടുക്കള തോട്ടം നിർമ്മിക്കാനുള്ള താല്പര്യം വളർത്തുക | ജൈവകീടനാശിനി തയ്യാറാക്കൽ | January | Science club |
| മണ്ണിനെ സ്നേഹിക്കാൻ പഠിക്കുക | ജൈവ വൈവിധ്യ തോട്ട വിപുലീകരണം | One year | Science club |

| Mathematics (UP) | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| ഓരോ ഉപകരണങ്ങളുടെയും ഉപയോഗം മനസിലാക്കുക | Instrument box ന്റെ വിവിധ ഉപയോഗങ്ങൾ | June | Maths club |
| അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുക | നമ്പർ കാർഡ് നിർമാണം | July | Maths club |
| കരചലനശേഷിയുടെ വികസനം | Chart ഉണ്ടാക്കൽ | August | Maths club |
| സംഖ്യകളെ കൂടുതൽ അറിയുക | നമ്പർ സിസ്റ്റത്തെ പറ്റി സെമിനാർ | September | Maths club |
| ഗണിതം മധുരമാക്കൽ | നമ്പറുകളെ കുറിച്ചുള്ള കളികൾ | October | Maths club |
| ഗണിതതാല്പര്യം വർധിപ്പിക്കൽ | ഗണിത പസിലുകൾ | November | Maths club |
| കലയും ഗണിതവും തമ്മിലുള്ള ബന്ധം | Geometric ചാർട്ടുകൾ | December | Maths club |
| സംഖ്യകളുടെ വികാസത്തെ പറ്റി മനസിലാക്കുക | വിവിധ സംഖ്യാ സംമ്പ്രദായങ്ങൾ - awareness class | January | Maths club |

| മലയാളം (എച്ച്. എ സ്.) | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| സർഗ്ഗാത്മകത വളർത്തുക | പോസ്റ്റർ രചന | ജൂൺ | വിദ്യാരംഗം സാഹിത്യവേദി |
| കുട്ടിയെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | സംവാദം | ജൂലൈ | വിദ്യാരംഗം സാഹിത്യവേദി |
| സർഗ്ഗാത്മകത വളർത്തുക | റോൾപ്ലേ | ആഗസ്റ്റ് | വിദ്യാരംഗം സാഹിത്യവേദി |
| വിവരസാങ്കേതികവിദ്യ ഫലപ്രാദമായി ഉപയോഗിക്കാൻ പഠിക്കുക | ഡിജിറ്റൽ ആൽബം | സെപ്റ്റംബർ | വിദ്യാരംഗം സാഹിത്യവേദി |
| കലാവാസന പ്രോത്സാഹിപ്പിക്കുക | ഗാനലാപനം | ഒക്ടോബർ | വിദ്യാരംഗം സാഹിത്യവേദി |
| സർഗ്ഗാത്മകത വളർത്തുക | നാടകാവതരണം | നവംബർ | വിദ്യാരംഗം സാഹിത്യവേദി |
| കലാവാസന പ്രോത്സാഹിപ്പിക്കുക | പാട്ടരങ്ങ് | ഡിസംബർ | വിദ്യാരംഗം സാഹിത്യവേദി |
| കുട്ടിയെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗം | ജനുവരി | വിദ്യാരംഗം സാഹിത്യവേദി |

| English(H. S.) | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| Identify themes | Poem appreciation | June | English club |
| Helps in social interaction | Construction of discourses | July | English club |
| Developing imagination | Story writing | August | English club |
| Developing imagination | Poem writing | September | English club |
| Helps to develop theatre performance | Role play | October | English club |
| Critical thinking | Debates | November | English club |
| Creativity | Poster design | December | English club |
| Developing artistic talent | Skit on a given topic | January | English club |
| Understanding the need of English language | Communication in English -A universal need | February | English club |

| Hindi(HS) | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | അക്ഷരപരിചയം കാർഡുകളിലൂടെ | June | ഹിന്ദി ക്ലബ് |
| കുട്ടിയെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | അനൗൺസ്മെൻറ് ഓഡിയോ രൂപത്തിൽ തയ്യാറാക്കൽ | July | ഹിന്ദി ക്ലബ് |
| നിരീക്ഷണ പാഠവവും സാഹിത്യവാസനയും വളർത്തുക | യാത്രാ വിവരണം | August | ഹിന്ദി ക്ലബ് |
| നിരീക്ഷണ പാഠവവും സാഹിത്യവാസനയും വളർത്തുക | സിനിമ കണ്ട് ആസ്വാദനം തയ്യാറാക്കൽ | September | ഹിന്ദി ക്ലബ് |
| രാഷ്ട്രപിതാവിന്റെ ദർശനങ്ങൾ മനസിലാക്കുക | ഗാന്ധിജിയുടെ വിവിധ ചിത്രങ്ങൾ - collection | October | ഹിന്ദി ക്ലബ് |
| തലസ്ഥാനനഗരത്തെ കൂടുതൽ അറിയുക | ദില്ലിയിലെ പ്രമുഖ സ്ഥലങ്ങളുടെ ചിത്രങ്ങൾ - collection | November | ഹിന്ദി ക്ലബ് |
| ദേശബോധം, പൗരബോധം ഇവ വളർത്തുക | ദേശഭക്തിഗാനം | December | ഹിന്ദി ക്ലബ് |
| കുട്ടിയെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗം | January | ഹിന്ദി ക്ലബ് |
| സർഗ്ഗാത്മകത വളർത്തുക | പോസ്റ്റർ നിർമാണം | February | ഹിന്ദി ക്ലബ് |

| Physics (H. S.) | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| വിവിധ അളവുകളെ കുറിച്ച് അറിയുക | അളവ് ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ | June | സയൻസ് ക്ലബ് |
| കാര്യങ്ങൾ പഠിച്ച് അവതരിപ്പിക്കാനുള്ള കഴിവ് ഉണ്ടാക്കുക | ഘർഷണം കൊണ്ടുള്ള ദോഷങ്ങൾ -ചർച്ച | July | സയൻസ് ക്ലബ് |
| ശാസ്ത്രബോധം വളർത്തുക | ശാസ്ത്ര ലേഖനം തയ്യാറാക്കൽ | August | സയൻസ് ക്ലബ് |
| രസകരമായി ശാസ്ത്രബോധം വളർത്തുക | നിത്യ ജീവിതത്തിൽ ഘർഷണം -ലഘു പരീക്ഷണം | September | സയൻസ് ക്ലബ് |
| രസകരമായി ശാസ്ത്രബോധം വളർത്തുക | ലെൻസുകൾ പരിചയപ്പെടുത്തുന്നു. പ്രതിബിംബ രൂപീകരണം | October | സയൻസ് ക്ലബ് |
| കാര്യങ്ങൾ പഠിച്ച് അവതരിപ്പിക്കാനുള്ള കഴിവ് ഉണ്ടാക്കുക | ന്യൂട്ടന്റെ ചലനനിയമങ്ങൾ - അപഗ്രഥനം -ചർച്ച | November | സയൻസ് ക്ലബ് |
| ശാസ്ത്രബോധം വളർത്തുക | ഗ്രാഫ് വരയ്ക്കാനുള്ള പ്രവർത്തനം | December | സയൻസ് ക്ലബ് |
| രസകരമായി ശാസ്ത്രബോധം വളർത്തുക | മർദ്ദത്തെപറ്റിയുള്ള ലഘുപരീക്ഷണങ്ങൾ | January | സയൻസ് ക്ലബ് |
| | വിവിധ അധ്യായങ്ങളുടെ റിവിഷനു വേണ്ടി വർക്ക് ഷീറ്റുകൾ നൽകുന്നു | February | സയൻസ് ക്ലബ് |

| കെമിസ്ട്രി (എച്ച്. എസ്.) | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| വേഗം concept മനസിലാക്കുന്നു | മോഡൽ നിർമാണം | June | സയൻസ് ക്ലബ് |
| സർഗ്ഗത്മകത വളർത്തുക | കോളാഷ്  നിർമാണം - ശാസ്ത്രജ്ഞന്മാർ | July | സയൻസ് ക്ലബ് |
| കണ്ടും തൊട്ടും കാര്യങ്ങൾ മനസിലാക്കുക | വിവിധ പരീക്ഷണങ്ങൾ | August | സയൻസ് ക്ലബ് |
| വേഗം concept മനസിലാക്കുന്നു | നാരങ്ങാസെൽ നിർമാണം | September | സയൻസ് ക്ലബ് |
| വേഗം concept മനസിലാക്കുന്നു | രാസപ്രവർത്തനങ്ങളുടെ വർഗീകരണം | October | സയൻസ് ക്ലബ് |
| സങ്കീർണമായ പ്രശ്നങ്ങൾ മനസിലാക്കുക | ടൈം ലൈൻ ചാർട്ട് | November | സയൻസ് ക്ലബ് |
| വേഗം concept മനസിലാക്കുന്നു | ഹൈഡ്രോകാർബൺ - മാതൃക നിർമ്മാണം | December | സയൻസ് ക്ലബ് |
| സർഗ്ഗത്മകത വളർത്തുക | ആൽബം നിർമ്മാണം | January | സയൻസ് ക്ലബ് |
|  | റിവിഷൻ, വർക്ക് ഷീറ്റ് | February | സയൻസ് ക്ലബ് |

| Biology (HS) | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| അടുക്കള തോട്ടം നിർമ്മിക്കാനുള്ള താല്പര്യം വളർത്തുക | അടുക്കളതോട്ടം നിർമിക്കുക | June | സയൻസ് ക്ലബ് |
| തന്റെ ആശയങ്ങൾ ആകർഷകമായി അവതരിപ്പിക്കാനുള്ള കഴിവ് നേടുക | ആധുനിക കൃഷി രീതി-ചർച്ച | July | സയൻസ് ക്ലബ് |
| മണ്ണിനെ സ്നേഹിക്കാൻ പഠിക്കുക | കർഷകരുമായി അഭിമുഖം | August | സയൻസ് ക്ലബ് |
| മണ്ണിനെ സ്നേഹിക്കാൻ പഠിക്കുക | ലോക പ്രകൃതി സംരക്ഷണ ദിവസം -സെമിനാർ | September | സയൻസ് ക്ലബ് |
| മണ്ണിനെ സ്നേഹിക്കാൻ പഠിക്കുക | കീടനാശിനികളുടെ മാരകഫലങ്ങൾ -സംവാദം | October | സയൻസ് ക്ലബ് |
| തന്റെ ആശയങ്ങൾ ആകർഷകമായി അവതരിപ്പിക്കാനുള്ള കഴിവ് നേടുക | പരിണാമസിദ്ധാന്തം -ചർച്ച | November | സയൻസ് ക്ലബ് |
| സർഗ്ഗത്മകത വളർത്തുക | അവയവദാനം -പോസ്റ്റർ രചന | December | സയൻസ് ക്ലബ് |
| ശാസ്ത്ര താല്പര്യം വളർത്തുക | പോഷകഘടകങ്ങളെകുറിച്ച് -ചാർട്ട് | January | സയൻസ് ക്ലബ് |
| | റിവിഷൻ, വർക്ക് ഷീറ്റ് | February | സയൻസ് ക്ലബ് |

| Social Science (H.S) | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| മനുഷ്യസമൂഹത്തിന്റെ മാറ്റങ്ങൾ മനസിലാക്കുക | ശിലായുഗത്തിൽ നിന്ന് ആധുനികകാലഘട്ടത്തിലേക്ക് -ചർച്ച | June | സോഷ്യൽ സയൻസ് ക്ലബ് |
| കാലാവസ്ഥയെ പറ്റി അറിയുക | കാലാവസ്ഥാമേഖലകളും കാലാവസ്ഥാമാറ്റവും -ഭൂപടവായന | July | സോഷ്യൽ സയൻസ് ക്ലബ് |
| Parliament പ്രവർത്തനങ്ങൾ അറിയാൻ | മോക് പാർലമെന്റ് | August | സോഷ്യൽ സയൻസ് ക്ലബ് |
| ദേശബോധം | മാനവവിഭവശേഷി രാഷ്ട്രപുരോഗതിക്കായി -ചർച്ച | September | സോഷ്യൽ സയൻസ് ക്ലബ് |
| വിവരസാങ്കേതിക വിദ്യാ പരിജ്ഞാനം | 1857വിപ്ലവത്തിന്റെ ഡിജിറ്റൽ ആൽബം | October | സോഷ്യൽ സയൻസ് ക്ലബ് |
| രാജ്യസ്നേഹം | ദേശഭക്തി ഗാനങ്ങളും കവിതകളും -കളക്ഷൻ | November | സോഷ്യൽ സയൻസ് ക്ലബ് |
| വിവരസാങ്കേതിക വിദ്യാ പരിജ്ഞാനം | ഡിജിറ്റൽ മാഗസിൻ | December | സോഷ്യൽ സയൻസ് ക്ലബ് |
| ദുരിതം അനുഭവിക്കുന്ന ജനവിഭാഗങ്ങളെ അറിയുക | കർഷകരുടെയും ആദിവാസികളുടെയും സമരങ്ങൾ -സെമിനാർ | January | സോഷ്യൽ സയൻസ് ക്ലബ് |
| | റിവിഷൻ | February | സോഷ്യൽ സയൻസ് ക്ലബ് |

| Mathematics (H.S) | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| ഗണിതത്തിലുള്ള മുന്നറിവ് പരിശോധന | ചതുഷ്ക്രിയ അവബോധ പരിശോധന | June | ഗണിത ക്ലബ് |
| ഗണിതപഠനത്തിന്റെ ആവശ്യകത തിരിച്ചറിയുക | ഗണിതം നിത്യജീവിതത്തിൽ - ചർച്ച | July | ഗണിത ക്ലബ് |
| ഗണിതപഠനത്തിന്റെ ആവശ്യകത തിരിച്ചറിയുക | ഗണിതവും മറ്റ് വിഷയങ്ങളുമായുള്ള ബന്ധം -സെമിനാർ | August | ഗണിത ക്ലബ് |
| ഗണിതത്തിൽ അവഗാഹം നേടുക | ഗണിത ക്വിസ് | September | ഗണിത ക്ലബ് |
| ഗണിത പഠനം മധുരതരം ആക്കുക | ഗണിതമേളയും ആയി ബന്ധപ്പെട്ട പ്രവർത്തനം | October | ഗണിത ക്ലബ് |
| ICT യും ഗണിതവും തമ്മിലുള്ള ബന്ധം | Geogebra software ന്റെ ഉപയോഗം | November | ഗണിത ക്ലബ് |
| ഗണിത പഠനം മധുരതരം ആക്കുക | ഗണിതപഠനം എങ്ങനെ ലളിതമാക്കാം -ചർച്ച | December | ഗണിത ക്ലബ് |
| ഗണിതപഠനത്തിന്റെ ആവശ്യകത തിരിച്ചറിയുക | ഗണിതവും മത്സരപരീക്ഷകളും - ഡിബേറ്റ് | January | ഗണിത ക്ലബ് |
| | റിവിഷൻ | February | ഗണിത ക്ലബ് |

| Music | | | |
| --- | --- | --- | --- |
| Goal | Activity | Period | Incharge |
| സർഗ്ഗാത്മകത | ഫ്ലാഷ് മോബ് | June | Music club |
| ചിത്രകലയിലെ കാലദേശ സ്വാധീനം | വിവിധ ചിത്രരചനാശൈലികൾ - സെമിനാർ | July | Music club |
| സർഗ്ഗാത്മകത | വയലാറിന്റെ അശ്വമേധം - അവതരണം | August | Music club |
| ദേശബോധം | ദേശഭക്തിഗാനം അവതരണം | September | Music club |
| സിനിമയെ അടുത്തറിയുക | സിനിമ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾ | October | Music club |
| കൃഷിയുടെ പ്രാധാന്യം | കൃഷിപ്പാട്ട് അവതരണം | November | Music club |
| സർഗ്ഗാത്മകത | വിവിധ സംഗീതരൂപങ്ങൾ -ചർച്ച | December | Music club |
| സർഗ്ഗാത്മകത | തിരക്കഥ രൂപീകരണം | January ,February | Music club |

| Information Technology | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പഠനപ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ഐ. സി. റ്റി. സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | സ്കൂൾ അധ്യാപകപരിശീലനങ്ങൾ സംഘടിപ്പി ക്കുക. ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ്വെയറുകൾ I. C. T. ഉപകരണങ്ങൾ എന്നിവ അദ്ധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു | June | IT club |
| C W. S. N. കുട്ടികളിൽ സ്വാശ്രയശീലം വളർത്തുക | C. W. S. N. കുട്ടികളെ മലയാളം ടൈപ്പിംഗ് പഠിപ്പിക്കുന്നു | July – February | IT club |

| Work Experience | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| പരിസ്ഥിതി സംരക്ഷണം | പേപ്പർ ബാഗ് നിർമ്മാണം, പേപ്പർ കൊണ്ടുള്ള അലങ്കാരങ്ങൾ നിർമ്മിക്കുക | June | Craft Teacher |
| സ്കൂളിന് തന്നാൽ കഴിയുന്ന ഉപകാരം ചെയ്യുക | ചോക്ക് നിർമ്മാണം | July,August | Craft Teacher |
| വൃത്തിയും ശുചിത്വ ബോധവും വളർത്തുക | ഫ്ലോർ മാറ്റ് നിർമ്മാണം | September , October | Craft Teacher |
| സ്വയം തൊഴിൽ പരിശീലനം | ബീഡ് വർക്ക് | November , December | Craft Teacher |
| സ്വയം തൊഴിൽ പരിശീലനം | വെജിറ്റബിൾ പെയിന്റിംഗ് | January , February | Craft Teacher |

| Physical Education | | | |
|---|---|---|---|
| Goal | Activity | Period | Incharge |
| ഫിറ്റ്നസ് നിലനിർത്തുക | സുമ്പാ പരിശീലനം | June | P.T Teacher |
| ഫുട്ബോൾ താരങ്ങളെ സൃഷ്ടിക്കുക | ഫുട്ബോൾ പരിശീലനം | July - February | P.T Teacher |
| ആരോഗ്യകരമായ ഭക്ഷണം തിരിച്ചറിയുക | നല്ല ആഹാരക്രമം പഠിപ്പിക്കുക | August | P.T Teacher |
| ഉല്ലാസത്തോടൊപ്പം കായികക്ഷമത | ഗെയിംസ് പരിചയപ്പെടുത്തുന്നു | September - February | P.T Teacher |